(സി) താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാമെന്ന് ധാരണയായിട്ടുണ്ട്.

1. പ്രത്യേക സാമ്പത്തിക മേഖല പദവി നേടുവാനുള്ള സഹായം.
2. ഏകജാലക സംവിധാന നടപടികൾ.
3. വ്യവസായ മേഖല പ്രഖ്യാപന നടപടികൾ.

സാംസ്കാരിക സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി

19. [*19] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംസ്കാരിക സർവ്വകലാശാല ആരംഭിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ സർവ്വകലാശാല എവിടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ)—(സി) കേരള കലാമണ്ഡലം കേന്ദ്രമാക്കി സാംസ്കാരിക സർവ്വകലാശാല ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സാംസ്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും അദ്ദേഹം റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രാരംഭ നടപടികൾക്കായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടറെ സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ

20. [*20] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (മുഖ്യമന്ത്രി ഇൻ ചാർജ്) സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഫയലിംഗ് അധികാരമുള്ള ഡിവിഷൻ ബഞ്ച് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ഹൈക്കോടതി ബഞ്ച് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(സി) തിരുവനന്തപുരത്ത് കേരള ഹൈക്കോടതിയുടെ ഫയലിംഗ് അധികാരമുള്ള ഡിവിഷൻ ബഞ്ച് സ്ഥാപിക്കുന്നതിലേക്കായി കേരള സർക്കാർ 2001-ന് ശേഷം നടത്തിയിട്ടുള്ള പരിശ്രമങ്ങൾ വിശദമാക്കുമോ;

(ഡി) കേന്ദ്ര നിയമമന്ത്രാലയവുമായി 2005 ജനുവരിക്കുശേഷം ഇക്കാര്യത്തിൽ രേഖാമൂലമുള്ള കത്ത് ഇടപാടുകൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ബഞ്ചിനായി കേരളത്തിലെ മുഴുവൻ ലോകസഭാംഗങ്ങളും കൊടുത്ത നിവേദനം സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇത് യാഥാർത്ഥ്യമാക്കാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (മുഖ്യമന്ത്രി ഇൻ ചാർജ്) (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്.

(ബി) ഹൈക്കോടതിയുടെ പ്രധാന സീറ്റിനു പുറത്ത് ബഞ്ച് സ്ഥാപിക്കുന്നതിന് 1985-ലെ ജസ്റ്റിസ് ജസ്വന്ത്സിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഹൈക്കോടതി ബഞ്ചിനു വേണ്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവും, കെട്ടിടങ്ങളുടെ ലഭ്യതയും സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയതാണ് പ്രസ്തുത ശുപാർശകൾ. ഇക്കാര്യത്തിൽ സംസ്ഥാനത്തെ ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ ശുപാർശയിന്മേലാണ് കേന്ദ്ര നിയമ മന്ത്രാലയം അന്തിമമായി തീരുമാനമെടുക്കേണ്ടത്.

(സി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ആരാഞ്ഞ് അറിയിക്കാൻ കേന്ദ്രനിയമമന്ത്രി ആവശ്യപ്പെട്ടതിൻ പ്രകാരം സംസ്ഥാന സർക്കാർ ബഹു. ചീഫ് ജസ്റ്റിസിന് 14-2-2003-ൽ കത്തെഴുതുകയുണ്ടായി. ഫുൾകോർട്ട് മീറ്റിംഗ് കൂടി ചർച്ച ചെയ്ത് തീരുമാനം അറിയിക്കുന്നതാണെന്ന് ബഹു. ചീഫ് ജസ്റ്റിസ് സർക്കാരിനെ അറിയിച്ചിരുന്നു. ഇതിനിടെ കേരള ഹൈക്കോടതിയിൽ കേസുകൾ നടത്തുന്നതിനായി ഉദ്യോഗസ്ഥന്മാരുടെ റ്റി. എ./ഡി.എ. ഇനത്തിൽ എന്തു തുക പ്രതിവർഷം ചെലവാകുന്നുണ്ടെന്ന് ഹൈക്കോടതി രജിസ്ട്രാർ ആരാഞ്ഞിരുന്നു. ഹൈക്കോടതി ആവശ്യപ്പെട്ട വിവരം വകുപ്പു തലവന്മാരിൽ നിന്നും ശേഖരിച്ച് ഹൈക്കോടതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, ഹൈക്കോടി മന്ദിരവും അനുബന്ധ ഓഫീസുകളും സ്ഥാപിക്കുന്നതുവഴി സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാവുകയില്ലെന്ന് ചീഫ് ജസ്റ്റിസ് അന്വേഷിക്കുകയുണ്ടായി. ഹൈക്കോടതി ബഞ്ചിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും തിരുവനന്തപുരത്ത് ഇപ്പോൾ തന്നെ ലഭ്യമാണെന്നും ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അധിക സാമ്പത്തിക ബാധ്യത സർക്കാരിന് താങ്ങാവുന്നതാണെന്നും ചീഫ് ജസ്റ്റിസിനെ അറിയിച്ചു. കേന്ദ്ര നിയമമന്ത്രാലയത്തിന് ഉചിതമായ മറുപടി സമർപ്പിക്കുന്നതിലേക്കായി ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ അഭിപ്രായം അറിയിക്കുവാൻ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് 16-5-2003-ൽ ബഹു. മുഖ്യമന്ത്രി 56633/എസ്. എസ്. എ3/98/ആഭ്യന്തരം കത്തുമുഖാന്തിരം അഭ്യർത്ഥിച്ചു.

തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നത് പൊതു താൽപ്പര്യത്തിനോ, നീതിനിർവ്വഹണത്തിനോ സഹായകമല്ലെന്നും അതിനാൽ നിർദ്ദേശം ഉപേക്ഷിക്കുകയാണെന്നും 2004 ജനുവരി 17-ലെ കത്തിൽ മുൻ ചീഫ് ജസ്റ്റിസ് അറിയിച്ചു. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വേണമെന്നത് സംസ്ഥാനത്തിന്റെ താൽപ്പര്യമാണെന്നും അതിനാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്നും പുതിയ ചീഫ് ജസ്റ്റിസിനോട് 13-2-2004-ലെ അർദ്ധ ഔദ്യോഗിക കത്തിൽ ബഹു. മുഖ്യമന്ത്രി വീണ്ടും ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര നിയമവകുപ്പ് മന്ത്രിയോടും ഇക്കാര്യം മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ചീഫ് ജസ്റ്റിസിൽനിന്നും അനുകൂലമായ മറുപടി ലഭിക്കുയുണ്ടായില്ല. തുടർന്ന് പുതിയ നിയമമന്ത്രി ശ്രീ. എച്ച്. ആർ. ഭരദ്വാജിനോട് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-6-2004-ൽ മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു സ്ഥിരം ബഞ്ച് നേടിയെടുക്കുന്നതിന് മറ്റേതെങ്കിലും വഴിയുണ്ടോയെന്നറിയിക്കുവാൻ നിയമ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം ആരായുകയുണ്ടായി. ഹൈക്കോടതി ബഞ്ചിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും തിരുവനന്തപുരത്ത് ഇപ്പോൾതന്നെ ലഭ്യമാണെന്നുമുള്ള വിവരവും, ഇക്കാര്യത്തിൽ അധിക ബാധ്യത സർക്കാരിന് താങ്ങാവുന്നതാണെന്നും, ഇത്തരത്തിലൊരു ബഞ്ച് സംസ്ഥാന തലസ്ഥാനത്ത് അത്യന്താപേക്ഷിതമാണെന്നുള്ള വിവരവും സംസ്ഥാന സർക്കാരിന് ബഹു. രാഷ്ട്രപതി മുമ്പാകെ ബോദ്ധ്യപ്പെടുത്താവുന്നതും "State Reorganisation Act, 1956 (Central Act 37 of 1956)-ലെ സെക്ഷൻ 51 (2) പ്രകാരം ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കാൻ രാഷ്ട്രപതിയോട് അഭ്യർത്ഥിക്കാവുന്നതുമാണെന്ന് നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ 17-9-2004-ന് ബഹു. രാഷ്ട്രപതിക്ക് ഇത് സംബന്ധിച്ച കത്ത് അയച്ചിട്ടുണ്ട്.

23-7-2004-ൽ കേരള നിയമസഭ ഐകകണ്ഠ്യേന ഇതു സംബന്ധിച്ച് ഒരു പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര നിയമ വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

സ്ഥിരം ബഞ്ച് സ്ഥാപിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ കേന്ദ്ര നിയമ വകുപ്പ് മന്ത്രിക്ക് മുഖ്യമന്ത്രി വീണ്ടും 29-7-2005-ൽ കത്തയയ്ക്കുകയുണ്ടായി. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ഇക്കാര്യത്തിൽ ചർച്ച നടത്തി ഒരു സുവ്യക്തമായ ശുപാർശ കേന്ദ്ര സർക്കാരിലേക്കയയ്ക്കുവാനാണ് കേന്ദ്ര നിയമ വകുപ്പ് മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഫയലിംഗ് അധികാരത്തോടു കൂടിയ ഒരു സറ്റിരം ബഞ്ച് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര നിയമ മന്ത്രിക്ക് മുഖ്യമന്ത്രി 29-7-2005-ൽ കത്തയച്ചു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസു മായി ആലോചിച്ച് സുവ്യക്തമായ ഒരു നിർദ്ദേശം രൂപീകരിച്ച് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ കേന്ദ്ര മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന ചീഫ് ജസ്റ്റിസിന് സംസ്ഥാന സർക്കാരിന്റെ നിലപാടിന് അനുകൂലമായ നിലപാടല്ല ഉള്ളത്.

(ഇ) മുഴുവൻ ലോകസഭാംഗങ്ങളും ഒപ്പിട്ട നിവേദനം ലഭിച്ചിട്ടില്ല.

(എഫ്) കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചന നടത്തി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണം സംബന്ധിച്ച സുവ്യക്ത മായ നിർദ്ദേശം സമർപ്പിക്കാനാണ് കേന്ദ്ര നിയമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നത്. ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണത്തിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ തിരുവനന്തപുരത്ത് ലഭ്യമാണ്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമമന്ത്രിയുടെ നിർദ്ദേശാനുസരണം ഹൈക്കോടതി ചീഫ് ജസ്റ്റീസിൽ നിന്നും ബഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല അഭിപ്രായം ലഭിച്ചിട്ടില്ല. ആയതിനാൽ ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ ശുപാർശയോടുകൂടി ഇതുസംബന്ധിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിന് ലഭ്യമാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബഞ്ച് എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്ന് വരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതികൾ

1. [1] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പി ച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയാത്തതിന്റെ ഫലമായി കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്ക് ആവശ്യത്തിന് പണം ലഭിക്കാതെ പോയതായി അറിയുന്നത് ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly